റോഡുകൾ നവീകരിക്കുന്നതിന് നബാർഡിന്റെ സഹായം

95 (2814) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നവീകരിക്കുവാനായി 2002-03, 2003-04 സാമ്പത്തിക വർഷം നബാർഡിൽനിന്നും എത്ര കോടി രൂപയുടെ പദ്ധതികൾ അംഗീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) നബാർഡ് സഹായത്തോടെ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ ഏതെല്ലാമാണ് ;

(സി) നബാർഡ് നൽകുന്ന സഹായത്തിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) റോഡുകളുടെ പണികൾക്കായി 2002-03 സാമ്പത്തിക വർഷത്തിൽ നബാർഡ് 69.62 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2003-04 വർഷത്തിൽ നബാർഡിന് സമർപ്പിക്കേണ്ട പദ്ധതികൾ തയ്യാറായി വരുന്നതേയുള്ളൂ.

(സി) നബാർഡ് നൽകുന്ന ധനസഹായത്തിന്റെ വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

1. വിവിധ സ്കീമുകളിൽ ഉള്ള പലിശ

ആർ.ഐ.ഡി.എഫ് II- V	12%
ആർ.ഐ.ഡി.എഫ് VI	11.5%
ആർ.ഐ.ഡി.എഫ് VII	10.5%
ആർ.ഐ.ഡി.എഫ് VIII	8.5%

2. വായ്പകളുടെ തിരിച്ചടവ്

ഓരോ വായ്പകളും വാർഷികാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകമായി തിരിച്ചടയ്ക്കേണ്ടതാണ്.

ആർ.ഐ.ഡി.എഫ് II- V

അഞ്ച് വർഷത്തിനുള്ളിൽ (നബാർഡ് വായ്പ അനുവദിക്കുന്ന ദിവസം മുതൽ രണ്ട് വർഷത്തെ ഗ്രേസ് പീരീഡ് ഉൾപ്പെടെ അഞ്ച് വർഷത്തിനുള്ളിൽ മൂന്ന് വാർഷിക തവണകളായി തിരിച്ചടക്കേണ്ടതാണ്.

ആർ.ഐ.ഡി.എഫ് VI- VIII

ഏഴ് വർഷത്തിനുള്ളിൽ (നബാർഡ് വായ്പ അനുവദിക്കുന്ന ദിവസം മുതൽ രണ്ട് വർഷത്തെ ഗ്രേസ് പീരീഡ് ഉൾപ്പെടെ ഏഴ് വർഷത്തിനുള്ളിൽ മൂന്ന് വാർഷിക തവണകളായി തിരിച്ചടക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly